(ബി) അടിയന്തരമായി നൽകണമെന്നാവശ്യപ്പെട്ട പ്രസ്തുത റിപ്പോർട്ട് നാളിതുവരെ നൽകാത്തതിന്റെ കാരണം വിശദമാക്കാമോ;

(സി) പ്രസ്തുത റിപ്പോർട്ടുകൾ ഏഴ് ദിവസത്തിനകം ധനകാര്യവകുപ്പിൽ എത്തിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ഡി) അപകടാവസ്ഥയിലുള്ള തൈച്ചേരി പാലത്തിലൂടെ ബസ് സർവ്വീസുകൾ ഉൾപ്പെടെയുള്ള വാഹന ഗതാഗതം നിർത്തിവച്ചിരിയ്ക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ-സി) തൈച്ചേരി പാലം, ജീമംഗലം പാലം എന്നിവയുടെ നിർമ്മാണാനുമതി ലഭ്യമാകുന്നതിനുള്ള പ്രൊപ്പോസലിന്മേൽ ധനകാര്യ വകുപ്പ് ആവശ്യപ്പെട്ട റിപ്പോർട്ട് പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ തയ്യാറാക്കി വരുന്നു. ആയത് ലഭ്യമായാലുടൻ തുടർനടപടി സ്വീകരിക്കുന്നതാണ്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

നബാർഡ് പദ്ധതി മുഖേന കൊല്ലം ജില്ലയിൽ അനുവദിച്ച പ്രവൃത്തികൾ

271(3157) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊല്ലം ജില്ലയിൽ നബാർഡ് മുഖേന അനുവദിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ നിയോജക മണ്ഡലം തിരിച്ചു ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലുള്ള സ്ഥിതി വിശദമാക്കുമോ ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊല്ലം ജില്ലയിൽ നബാർഡ് മുഖേനെ അനുവദിച്ച പ്രവൃത്തികളുടെ വിശദാംശങ്ങളും ടി പ്രവൃത്തികളുടെ നിലവിലുള്ള സ്ഥിതിയും അനുബന്ധമായി ചേർത്തിരിക്കുന്നു.*

പൊന്നാനി കർമ്മ റോഡിന് അനുവദിച്ച തുക

272(3158) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്നാനി കർമ്മ റോഡിന് നാളിതുവരെ എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly